കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തൊടുപുഴ നഗരസഭ - ക്ലീൻ കേരള പദ്ധതി - രാത്രികാല ശുചീകരണ തൊഴിലാളികളെ നിയമിച്ചതിൽ തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.1059/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 30/04/2014

പരാമർശം :
1. 27/01/2014 ലെ തൊടുപുഴ നഗരസഭയുടെ 23 ാം നമ്പർ കൗൺസിൽ തീരുമാനം.
2. 17/2/2014 ലെ തൊടുപുഴ നഗരസഭാ സെക്രട്ടറിയുടെ H1-6429/12 നം. കത്ത്.
3. 5/7/2013 ലെ സ.ഉ.(സാധ)നം.1780/2013/തസ്വഭവ.
4. 03/03/2014 ലെ നഗരകാര്യഡയറക്ടറുടെ ഇ 2/10084/12 നം. കത്ത്.

ഉത്തരവ്

ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി രാത്രികാല ശുചീകരണത്തിന് 25 (ഇരുപത്തിയഞ്ച്) താൽക്കാലിക തൊഴിലാളികളുടെ സേവനം പരാമർശം 3 പ്രകാരം 01/04/2013 മുതൽ 31/03/2014 വരെ തുടരുന്നതിന് തൊടുപുഴ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവായിരുന്നു. തൊടുപുഴ നഗരസഭയിലെ സ്ഥിരം കണ്ടിജന്റ് ജീവനക്കാരുടെ അപര്യാപ്തതയും വർദ്ധിച്ച് വരുന്ന ഖരമാലിന്യങ്ങളുടെ അളവും ദ്രുതഗതിയിലുള്ള നഗരസഭയുടെ വികസനവും കണക്കിലെടുത്ത് ടി തൊഴിലാളികളുടെ സേവനത്തിന് 2014 ഏപ്രിൽ മുതൽ 2015 മാർച്ച് വരെ തുടർച്ചാനുമതി നൽകണമെന്ന പരാമർശം (2) പ്രകാരമുള്ള അപേക്ഷ നഗരകാര്യ ഡയറക്ടറുടെ പരാമർശം (4) പ്രകാരം സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി തൊടുപുഴ നഗരസഭയിൽ നിയമിതരായ 25 താൽക്കാലിക തൊഴിലാളികളുടെ സേവനം 01/04/2014 മുതൽ 31/03/2015 വരെ തുടരുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഇക്കാര്യത്തിലുള്ള ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്. താൽക്കാലിക തൊഴിലാളികളെ നിയമിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
പി. റംലത്ത്,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തൊടുപുഴ നഗരസഭ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.